C.B(1)18362/2014

Office of the Registrar of Co-operative Societies
Thiruvananthapuram, Dated: 16.05.2014

Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513
Tel : 0471-2330726

**സർക്കുലർ നമ്പർ .19/14**

വിഷയം:- സഹകരണവകുപ്പ്-ജില്ലാ സഹകരണ ബാങ്കുകളിൽ നാമമാത്ര അംഗത്വം നൽകുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:- ഓർഡിനൻസ് നമ്പർ 1/2014 (കേരള സഹകരണ സംഘം) ഭേദഗതി ഓർഡിനൻസ് 2014

കേരള സഹകരണ നിയമം, വകുപ്പ് 2(ia), വകുപ്പ് 18 എന്നീ വകുപ്പുകളിൽ സൂചന ഓർഡിനൻസ് പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്ന വ്യക്തികളേയും നിക്ഷേപകരേയും നാമമാത്ര അംഗങ്ങളാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുകയോ, നിക്ഷേപം നടത്തുകയോ ചെയ്യുന്നവരും പ്രവർത്തന പരിധിയിൽ സ്ഥിരതാമസമുള്ള വ്യക്തികളെ ബൈലാവ്യവസ്ഥകൾക്ക് വിധേയമായി നോമിനൽ അംഗങ്ങളാക്കാവുന്നതാണെന്ന് അറിയിക്കുന്നു. നോമിനൽ അംഗങ്ങൾക്കുള്ള ഓഹരി തുക ബാങ്ക് നിശ്ചയിച്ച് ബൈലായിൽ ഭേദഗതി വരുത്തേണ്ടതാണ്. നോമിനൽ അംഗങ്ങൾക്ക് പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനോ, ഭരണസമിതി തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതോ, ലാഭവിഹിതത്തിനോ അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും അറിയിക്കുന്നു.

ഒപ്പ്
എസ്സ്.ലളിതാംബിക.ഐ.എ.എസ്സ്
സഹകരണസംഘം രജിസ്ട്രാർ